**നിയമനിർമ്മാണം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെ ചേർത്തിരിക്കുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തര ഘട്ടങ്ങളും:

(i) 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങളും ഭേദഗതികൾ നൽകിയ അംഗങ്ങളും സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

<u>രണ്ടാം വകുപ്പ്</u>

ആരോഗ്യ-വനിതാ-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

124. പ്രധാന ആക്റ്റിലെ 2-ാം വകുപ്പിലെ ഖണ്ഡം (കെ) താഴെപ്പറയുംപ്രകാരം മാറ്റുക.
" (കെ) " രജിസ്റ്റർ" എന്നാൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയതും ഈ ആക്റ്റിന്റെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ വച്ചുപോരുന്നതും പ്രസിദ്ധപ്പെടുത്തിയതുമായ സംസ്ഥാന രജിസ്റ്റർ എന്നർത്ഥമാകുന്നു;"

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 2(കെ)-ൽ " വച്ചുപോരുന്നതും" എന്ന് വരുന്നിടത്തെല്ലാം പകരം "കൈകാര്യം ചെയ്തുവരുന്നതും" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

134. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 2(കെ)-ൽ " വച്ചുപോരുന്നതും" എന്ന് വരുന്നിടത്തെല്ലാം പകരം "സൂക്ഷിക്കുന്നതും" എന്ന് ചേർക്കുക.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

138. ഖണ്ഡം 2-ൽ " എന്നീ" എന്നതിന് പകരം "എന്നിങ്ങനെയുള്ള" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 131 മുതൽ 133 വരെ 130-ാം നമ്പർ ഭേദഗതിക്കും 135-ാം നമ്പർ ഭേദഗതി 134-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഞാൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 124-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(2)(എച്ച്)-ൽ " തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ്" എന്നതിന് പകരം "തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ്" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 141-ാം നമ്പർ ഭേദഗതി 140-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ശ്രീ. എം. എം. മണി അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രി സ്വീകരിച്ച 140-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 4-ൽ "പകരം" എന്നതിന് പകരം "പകരമായി" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

150. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)(ഡി)-ൽ "മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം ", എക്സ്-ഒഫിഷ്യോ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

152. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)(ഇ)-ൽ "മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം ", എക്സ്-ഒഫിഷ്യോ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)(ഇഎ) ഒഴിവാക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1) (ഇഎ)-ൽ "ഒരു ഡെന്റൽ സർജൻ" എന്നതിന് പകരം "സർക്കാർ മെഡിക്കൽ കോളേജുകളിലെ ഒരു അസിസ്റ്റന്റ് പ്രൊഫസർ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 150, 152 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രി സ്വീകരിച്ച 150, 152 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

166. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ "നിലവാരം പുലർത്തുന്ന" എന്നത് ഒഴിവാക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

174. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ “ നിലവാരം പുലർത്തുന്ന” എന്നതിന് പകരം “ ശുചിത്വം,” എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

177. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ " നിലവാരം നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗരേഖകൾ" എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്ന നിലവാരം" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ " നിശ്ചയിച്ചുകൊണ്ടുള്ള" എന്നതിന് പകരം "നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള" എന്ന് ചേർക്കുക.

192. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ "പാലിക്കുമെന്ന്" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

"നിശ്ചയിച്ചുകൊണ്ടുള്ള" എന്ന വാക്കിനുപകരം "നിശ്ചയിച്ചുകൊണ്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രി സ്വീകരിച്ച 166-ാം നമ്പർ ഭേദഗതിയും മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 179, 192 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

205. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 20-ൽ "അഞ്ച്" എന്നതിന് പകരം "നാല് " എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 49(1)-ൽ "അയാൾ,-" എന്ന വാക്കിനും ചിഹ്നങ്ങൾക്കും പകരം "അയാൾ:- " എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. പീഠികയിൽ “ കാണുന്ന” എന്നതിന് പകരം "കാണപ്പെടുന്ന" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീമതി വീണാ ജോർജ്: സർ, ഈ സർക്കാരിന്റെ കാലയളവിൽ ആരോഗ്യ വകുപ്പ് സഭയിൽ അവതരിപ്പിക്കുന്ന എട്ടാമത്തെ ബില്ലും ക്ലിനിക്കൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട മൂന്നാമത്തെ ഭേദഗതി ബില്ലും കൂടിയാണിത്.

കേരള നിയമസഭ പാസാക്കിയ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കണം എന്നതാണ് ഈ ബില്ലിന്റെ ആത്യന്തികമായ ലക്ഷ്യം. ഇന്ന് സഭയിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി തേടിക്കൊണ്ട് ബഹുമാന്യനായ പ്രതിപക്ഷാംഗം സംസാരിച്ചപ്പോൾ ആരോഗ്യ വകുപ്പിനെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയുകയുണ്ടായി. അതുസംബന്ധിച്ച് പ്രത്യേകമായി പറയണമെന്ന് ആഗ്രഹിക്കുകയാണ്. ഈ കാലഘട്ടത്തിൽ നാല് പ്രധാനപ്പെട്ട കാര്യങ്ങൾക്കാണ് സർക്കാർ ഊന്നൽ നൽകിയിട്ടുള്ളത്. നവകേരള കർമ്മ പദ്ധതി 2-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ പത്ത് കാര്യങ്ങൾ, അതിൽ ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധം, ക്യാൻസർ രോഗ നിയന്ത്രണം ഉൾപ്പെടെയുള്ള വിഷയങ്ങൾ, ക്വാളിറ്റി ഇംപ്രൂവ്മെന്റ്, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യ കേന്ദ്രങ്ങളുടെ പരിവർത്തനപ്പെടുത്തൽ എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോഴും നാല് പ്രധാനപ്പെട്ട വിഭാഗങ്ങളിലായി..... ഒന്ന്, അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ടതാണ്. സിസ്റ്റത്തിന്റെ

ശാക്തീകരണം - അതിന്റെ ഭാഗമായിട്ടാണ് സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയതും ഈ സർക്കാരിന്റെ കാലത്ത് തുടരുന്നതുമായ ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ കേന്ദ്രങ്ങളുടെ പരിവർത്തനപ്പെടുത്തൽ. മെഡിക്കൽ കോളേജുകളിലെ ഒ.പി. പരിവർത്തനം നൂറ് ശതമാനവും ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. ജില്ലാ ആശുപത്രികളിലെ ഒ.പി. പരിവർത്തനം 82 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. താലൂക്കാശുപത്രികളുടെ ഒ.പി. പരിവർത്തനം 35 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. അത് തുടങ്ങിയിട്ട് അധിക നാളുകളായിട്ടില്ല. സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി 47 ശതമാനം പൂർത്തിയാക്കി. അതും തുടങ്ങിയിട്ട് അധിക നാളുകളായിട്ടില്ല. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി 78 ശതമാനം പൂർത്തിയായിട്ടുണ്ട്. തൊട്ടടുത്ത ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രിയുടെ മണ്ഡലമായ ചിറ്റൂരിൽ വളരെ മനോഹരമായി പൂർത്തീകരിച്ച താലൂക്കാശുപത്രിയുടെ ഉദ്ഘാടനം നിർവഹിക്കാൻ പോകുകയാണ്.

ആലപ്പുഴയിൽ കിഫ്ബിയിലൂടെ പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനവും നിർവ്വഹിക്കാൻ പോകുന്നു. കിഫ്ബിയിലൂടെ നിർമ്മാണം പൂർത്തീകരിച്ച ഏതാണ്ട് പത്തോളം ആശുപത്രികളുടെ ഉദ്ഘാടനം നിർവഹിക്കാൻ പോകുകയാണ്. കേരള സി.ഡി.സി., വൺ ഹെൽത്ത് സെന്റർ, കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് തുടങ്ങി വിവിധങ്ങളായ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ആയുർവേദ രംഗത്താണെങ്കിൽ, കണ്ണൂരിലെ ഇന്റർനാഷണൽ റിസർച്ച് ഓൺ ആയുർവേദ - അതിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. രണ്ടാമത്തെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്, പൊതുജനാരോഗ്യ പ്രവർത്തനങ്ങളെ കാലഘട്ടത്തിനനുസൃതമായി പുനഃക്രമീകരിക്കുകയും ശക്തീകരിക്കുകയുമാണ്. അതിന്റെ ഭാഗമായി ഒട്ടേറെ കാര്യങ്ങൾ ചെയ്തു. ഈ നിയമസഭ പാസാക്കിയ ആരോഗ്യ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ബില്ലായ പൊതുജനാരോഗ്യ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പ്രവർത്തനങ്ങൾ നടക്കുന്നത്. അടിസ്ഥാനപരമായ പ്രവർത്തനങ്ങൾ ഏകാരോഗ്യത്തിലധിഷ്ഠിതമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ക്യാൻസർ രോഗ

നിയന്ത്രണവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ക്യാൻസർ രോഗ നിയന്ത്രണ പരിപാടി ആരംഭിച്ചു. വളരെ സൂക്ഷ്മമായ തലത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നതിനും അത് ക്രിയാത്മകമായി നടപ്പിലാക്കുന്നതിനും ജനകീയാരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം ആരംഭിച്ചു. പഞ്ചായത്ത് തലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ, അതിനുമുകളിൽ താലൂക്കാശുപത്രികൾ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ടെർഷ്യറിയിൽ മെഡിക്കൽ കോളേജുകൾ. ഈ സിസ്റ്റത്തിന് താഴെയായി, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ശക്തീകരിക്കുന്നതിന്റെ ഭാഗമായി, രണ്ടോ മൂന്നോ വാർഡുകൾ ചേരുന്നിടത്ത് ജനകീയാരോഗ്യ കേന്ദ്രങ്ങൾ ഈ കാലഘട്ടത്തിലാണ് വന്നത്. ഈ നിയമസഭ പാസാക്കിയ മെഡിക്കൽ പ്രാക്റ്റീഷണേഴ്സ് ആക്റ്റ് ഉൾപ്പെടെയുള്ള നിയമങ്ങൾ ഈ പ്രവർത്തനങ്ങളെ ശക്തീകരിച്ചിട്ടുണ്ട്. അതോടൊപ്പം ജനക്ഷേമ പ്രവർത്തനങ്ങളിൽ വളരെ പ്രധാനപ്പെട്ടത്, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ച് നിർത്തിയതെയുള്ളൂ, രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. 1600 കോടി

രൂപയാണ് ഇതിനായി കേരളം ചെലവഴിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് (2019-ൽ) സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ആരംഭിച്ചത്. 2021-ൽ രണ്ടര ലക്ഷം ആളുകൾക്കാണ് സൗജന്യ ചികിത്സ നൽകിയിരുന്നതെങ്കിൽ 2024 എത്തിയപ്പോൾ ആറര ലക്ഷം ആളുകൾക്ക് സംസ്ഥാനം സൗജന്യ ചികിത്സ നൽകുന്നുണ്ട്. അതുപോലെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ഉൾപ്പെടെ ലക്ഷകണക്കിന് രൂപ സ്വകാര്യ മേഖലയിൽ ആവശ്യമായിവരുന്ന ട്രാൻസ്പ്ലാന്റേഷനുകൾ, സർജറികൾ തുടങ്ങിയവ സർക്കാർ മേഖലയിൽ സൗജന്യമായി നൽകുന്നതിന് തുടക്കം കുറിച്ചു. അത് വലിയൊരു ഇടപെടലാണ്. ഒരു vial മെഡിസിന് ലക്ഷകണക്കിന് രൂപയാകുന്ന അപൂർവ്വ രോഗങ്ങൾക്ക് സൗജന്യമായി, അതിന്റെയൊരു ട്രീറ്റ്മെന്റ് പദ്ധതി ആദ്യമായി സംസ്ഥാനത്ത് ഈ കാലഘട്ടത്തിൽ ആരംഭിച്ചു. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ഉദ്ഘാടനം ചെയ്തു. 'കെയർ' എന്നാണ് ആ പദ്ധതിയുടെ പേര്. നാഷണൽ ലെവലിൽത്തന്നെ അത് ശ്രദ്ധിക്കപ്പെട്ടു. ഏറ്റവും ഒടുവിൽ, ഹീമോഫീലിയ രോഗികൾക്കുവേണ്ടിയുള്ള പ്രതിരോധ മരുന്ന് രാജ്യത്ത് ആദ്യമായി നൽകുന്ന സംസ്ഥാനം കേരളമാണ്. പല

സംസ്ഥാനങ്ങളിലും ഹീമോഫീലിയ രോഗികളുടെ സംഘടനകൾ ബോർഡ് വച്ച് ആ സംസ്ഥാനത്തോടുള്ള അവരുടെ പ്രതിഷേധം അറിയിക്കുന്നത് കണ്ടു. അത് ഇങ്ങനെയായിരുന്നു: 'Kerala can, why this state can't'. ആ സ്റ്റേറ്റിന്റെ പേര് ഞാൻ പറയുന്നില്ല. കേരളത്തിന്റെ ഈ ഇടപെടലിന്റെ ഭാഗമായി അങ്ങനെ ഓരോ സംസ്ഥാനങ്ങളിലും ആ രീതിയിലുള്ള മൂവ്മെന്റുണ്ടായി. ജനക്ഷേമ പ്രവർത്തനങ്ങൾ ജനകീയമായി നടപ്പിലാക്കുന്നതിനുവേണ്ടി വലിയ പരിശ്രമം നടത്തുന്നുണ്ട്. 1600 കോടി രൂപ സംസ്ഥാന സർക്കാർ കൊടുക്കുമ്പോൾ 138 കോടി രൂപയാണ് കേന്ദ്ര സർക്കാർ നമുക്ക് നൽകുന്നതെന്നുകൂടി നമ്മൾ കാണേണ്ടതായിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലഘട്ടത്തിൽ വലിയ പ്രാധാന്യത്തോടെ, നമ്മുടെ സംസ്ഥാനത്തെ കുഞ്ഞുങ്ങൾ മറ്റിടങ്ങളിൽ പോയി പഠിക്കുന്നത് ഒഴിവാക്കി കേരളത്തിൽത്തന്നെ അവസരം നൽകുന്നതിനുവേണ്ടിയാണ് സർക്കാർ നയം ആവിഷ്കരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം രാവിലെ പറഞ്ഞ വിഷയം അതാണ്. അദ്ദേഹം പറഞ്ഞത് വസ്തുതാപരമല്ല. കാരണം, ഇപ്പോൾ 9343 നഴ്സിംഗ് സീറ്റുകൾ കേരളത്തിലുള്ളതിൽ 2687 സീറ്റും ഈ സർക്കാരിന്റെ

കാലഘട്ടത്തിൽ കൊടുത്തതാണ്. ഇവിടെയൊരു നഴ്സിംഗ് സീറ്റ് ചോദിച്ചുവന്നാൽ കൊടുക്കില്ലെന്ന് അദ്ദേഹം പറഞ്ഞു. അത് തീർത്തും തെറ്റാണ്. മാനദണ്ഡപ്രകാരം ആര് അപേക്ഷിച്ചാലും അത് വിവിധ തലങ്ങളിലുള്ള നിയമപ്രകാരമുള്ള പരിശോധനകളുടെ അടിസ്ഥാനത്തിൽ ആര് കൊണ്ടുവന്നാലും അല്ലെങ്കിൽ ഏത് സ്ഥാപനം അപേക്ഷിച്ചാലും മാനദണ്ഡം പാലിക്കുന്നുണ്ടെങ്കിൽ അത് കൊടുക്കണമെന്നതന്നെയാണ് സർക്കാരിന്റെ നിലപാട്. സർക്കാർ മെഡിക്കൽ സീറ്റുകളുടെ എണ്ണം ഇരുന്നൂറിലധികം ഈ കാലഘട്ടത്തിൽ വർധിച്ചു. സർക്കാർ മേഖലയിലെ നഴ്സിംഗ് സീറ്റുകൾ, നേരത്തെ 491 ഉണ്ടായിരുന്നത് ഇപ്പോൾ 612 സീറ്റുകൾ കൂടി ഈ മൂന്ന് വർഷക്കാലയളവിൽ കൂടിയിട്ടുണ്ട്. അതോടൊപ്പം GNM (General Nursing and Midwifery)-ലും തത്തുല്യമായ വർധനയുണ്ടായിട്ടുണ്ട്. എം.എസ്സി. നഴ്സിംഗിൽ സ്പെഷ്യാലിറ്റി കോഴ്സുകൾ കൂടുതലായി കൊണ്ടുവരാൻ ഈ കാലഘട്ടത്തിൽ സാധിച്ചു. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട സഹോദരങ്ങൾക്ക് നഴ്സിംഗ് മേഖലയിൽ സംവരണമുൾപ്പെടെ ഒട്ടനവധി കാര്യങ്ങൾ ഈ കാലഘട്ടത്തിൽ ചെയ്യാൻ സാധിച്ചു.

ശ്രീ. പി. എസ്. സുപാൽ: സർ, നഴ്സിംഗ് കോളേജുകൾ ധാരാളമായി നമുക്ക് ആരംഭിക്കാൻ സാധിക്കും. വിദേശത്ത് ഏറ്റവും കൂടുതൽ മലയാളി നഴ്സുമാരെ ആവശ്യമുണ്ട്. ആ ഒരു സാഹചര്യം കൂടി പരിഗണിച്ചുകൊണ്ട്, ഇപ്പോൾ നമ്മുടെ 400 ബെഡ്ഡുകളുള്ള താലൂക്കാശുപത്രികളിൽപ്പോലും ഒരു നഴ്സിംഗ് കോളേജിനാണ് അനുവാദം കൊടുക്കുന്നത്. പല സംസ്ഥാനങ്ങളിലും നൂറ് ബെഡ്ഡുകളുള്ള ആശുപത്രിക്ക് ഒന്നിലധികം നഴ്സിംഗ് കോളേജിന് അനുവാദം കൊടുക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അക്കാര്യം സംസ്ഥാനം തീരുമാനിച്ചാൽ മതിയാകും. അതുപോലെ കേരളത്തിലും ആരംഭിക്കാൻ കഴിഞ്ഞാൽ ധാരാളം നഴ്സിംഗ് കോളേജുകൾ ഇവിടെയും ആരംഭിക്കാൻ സാധിക്കില്ലേ?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ, നാഷണൽ കൗൺസിലും Kerala University of Health Sciences (KUHS)-ഉം കൂടിയാണ് ഇതിന്റെ മാനദണ്ഡം തീരുമാനിക്കുന്നത്. സംസ്ഥാനം പ്രത്യേകമായൊരു മാനദണ്ഡം നിശ്ചയിക്കുകയല്ല. നിയമപരമായി ഈ രണ്ട് തലത്തിലും നിർണ്ണയിക്കപ്പെടുന്ന മാനദണ്ഡങ്ങളുടെ

അടിസ്ഥാനത്തിലാണ് നഴ്സിംഗ് കോളേജുകൾ അനുവദിക്കുന്നത്. കേരളത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ നഴ്സിംഗ് മേഖലയിലും പാരാമെഡിക്കൽ മേഖലയിലും മെഡിക്കൽ എം.ബി.ബി.എസ്. മേഖലയിലും ഇത്രയുമധികം സീറ്റുകൾ വർധിച്ചിട്ടുള്ള കാലഘട്ടമുണ്ടായിട്ടില്ലെന്നുതന്നെ കാണാൻ സാധിക്കും. പി.ജി. കോഴ്സുകളിൽ തത്തുല്യമായി സീറ്റുകൾ നൽകിയിട്ടുണ്ട്, നല്ല നിലയിൽ സീറ്റുകൾ വർധിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ നയത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ വർധനയുണ്ടാക്കാൻ സാധിച്ചത്. ഇനിയും സൗകര്യങ്ങളുള്ളയിടത്ത് മാനദണ്ഡങ്ങളിൽ വിട്ടുവീഴ്ച വരുത്താതെ വേണ്ട കാര്യങ്ങൾ ചെയ്യുന്നതാണ്. ഈ കാലഘട്ടത്തിൽ ആരോഗ്യ വകുപ്പ് ഏറ്റെടുത്തിട്ടുള്ള ഒരു കാര്യം മോഡണൈസേഷനാണ്. ഏതാനും ദിവസങ്ങൾക്കകം കേരളത്തിലെ മുഴുവൻ ആശുപത്രികളിലും ഓൺലൈൻ അപ്പോയ്മെന്റ് സാധ്യമാകും. നേരത്തെ ചുരുക്കം ചില ആശുപത്രികളിൽ മാത്രമെ ഇത് സാധ്യമാകുമായിരുന്നുള്ളൂ. രോഗികൾ 5 മണിക്ക് വന്ന് ക്യൂ നിൽക്കുന്നതും കുഴഞ്ഞുവീഴുന്നതും 10 മണിയായിട്ടും ഒ.പി. ടിക്കറ്റ് കിട്ടാത്തതുമായ സാഹചര്യമൊക്കെ നാം വാർത്തകളിൽ കണ്ടിട്ടുണ്ട്. എല്ലാ

ആശുപത്രികളിലും ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുകയാണ്. ഈ കാലഘട്ടത്തിൽ ഇൻഷ്വറൻസ് പരിരക്ഷയുള്ളവർക്ക് ആ നിലയിൽ സൗജന്യമായാണ് ചികിത്സ നൽകുന്നത്. പക്ഷേ ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് പുറത്തുള്ളവർക്ക് ആവശ്യമായിട്ടുള്ള, സ്വകാര്യ മേഖലയേക്കാൾ വളരെ കുറഞ്ഞ നിരക്കുകളാണ് സർക്കാർ ആശുപത്രികളിലുള്ളത്. ഇത്തരം പേയ്മെന്റുകൾ നടത്തുന്നതിനായി ഓൺലൈൻ പേയ്മെന്റ് സംവിധാനം കൂടി സർക്കാർ ആശുപത്രികളിൽ നടപ്പിലായിട്ടുണ്ട്. അതിന്റെ ആദ്യ ഫേസ് പൂർത്തിയായിട്ടുണ്ട്. രണ്ടാം ഫേസാണ് നടന്നുകൊണ്ടിരിക്കുന്നത്. രണ്ടാം ഫേസും കൂടി കഴിഞ്ഞിട്ട് സംസ്ഥാനതലത്തിൽ അനൗൺസ്മെന്റ് നടത്തി മുന്നോട്ട് പോകണമെന്നാണ് ആലോചിക്കുന്നത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, വളരെ ഗൗരവമുള്ള വിഷയമാണിത്. ഞാൻ പട്ടാമ്പിയിലൊരു youth summit നടത്തി. അതിൽ യുവജനങ്ങളുടെ ആവശ്യങ്ങളെക്കുറിച്ചുള്ള അന്വേഷണം നടത്തിയപ്പോൾ മെന്റൽ ഹെൽത്ത് ഇഷ്യൂസിനെ കുറിച്ചാണ് അവർ പ്രധാനമായി പറഞ്ഞത്. പ്രത്യേകിച്ച് പെൺകുട്ടികളിലും സ്ത്രീകളിലും വളരെയേറെ പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട്

വരുന്നുണ്ട്. ലോൺലീനെസ് എപ്പിഡെമിക് എന്നൊരു സാഹചര്യം ഇനി വരാനിരിക്കുന്നുവെന്ന പഠനങ്ങളൊക്കെ വരുന്നുണ്ട്. മെന്റൽ ഹെൽത്തുമായി ബന്ധപ്പെട്ട ട്രീറ്റ്മെന്റുകൾ, സൈക്കാട്രിസ്റ്റിന്റെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും ട്രീറ്റ്മെന്റുകൾ എല്ലാവർക്കും അഫോർഡബിളാകുന്നില്ലെന്ന പ്രശ്നമുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടിയുണ്ടാകുമോ? ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് പറഞ്ഞത്. മെന്റൽ ഹെൽത്തുമായി ബന്ധപ്പെട്ടുള്ള ക്ലിനിക്കൽ ട്രീറ്റ്മെന്റിൽ കുറിക്കപ്പെടുന്ന മരുന്നുകൾക്ക് പൊതുവിൽ വില കൂടുതലാണെന്ന് പറയുന്നതിൽ വാസ്തവമുണ്ട്. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് സർക്കാർ പരിശോധിക്കുന്നുണ്ട്. കാൻസർ രോഗത്തിനുള്ള മരുന്നുകൾക്കും പൊതുവിൽ വില കൂടുതലാണ്. കേന്ദ്ര സർക്കാരിന്റെ പേറ്റന്റ് നിയമം നിലവിലുള്ളതുകൊണ്ട് മരുന്നുകൾക്ക് വലിയ വില കൊടുക്കേണ്ടിവരുന്നുണ്ട്. ഉദാഹരണത്തിന് 1,20,000/- രൂപ വിലയുള്ള മരുന്നിന് യഥാർഥത്തിൽ 5,000, 6,000 രൂപ മാത്രമേ ഉണ്ടാവുകയുള്ളൂ. കേന്ദ്ര സർക്കാർ നിയമങ്ങളിൽ

മാറ്റമുണ്ടായാൽ മാത്രമേ സംസ്ഥാന സർക്കാരിനും കൂടുതൽ കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയൂ. നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി കാൻസർ മരുന്നുകളുമായി ബന്ധപ്പെട്ട് കാരുണ്യ സ്പർശം പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്. 14 ജില്ലകളിലും 14 കാരുണ്യ ഫാർമസികൾ ആരംഭിച്ച് ആദ്യഘട്ടത്തിൽ സീറോ പ്രോഫിറ്റിൽ അതായത്, കെ.എം.എസ്.സി.എൽ., (Kerala Medical Services Corporation Limited) മരുന്നു കമ്പനികളിൽനിന്ന് വാങ്ങുന്ന അതേ വിലയിൽ കാൻസർ മരുന്നുകൾ നൽകുകയാണ്. ടി പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ട് ഒരു മാസവും രണ്ടാഴ്ചയും മാത്രമേ ആയിട്ടുള്ളൂവെങ്കിലും ഇതിലൂടെ ജനങ്ങൾക്ക് 10 ലക്ഷത്തിലധികം രൂപയുടെ ലാഭമുണ്ടായിട്ടുണ്ട്. നിലവിൽ എല്ലാ കാരുണ്യ ഫാർമസികളിലും ഈ പദ്ധതി നടപ്പാക്കാനുള്ള ശ്രമത്തിലാണ്. മെന്റൽ ഹെൽത്ത് സംബന്ധമായ മരുന്നുകളും ഇപ്രകാരം നൽകുന്നതുസംബന്ധിച്ച് പരിഗണിക്കാം. നിലവിൽ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള മരുന്നുകളും ഈ രീതിയിൽ കൊടുക്കാനുദ്ദേശിക്കുന്നുണ്ട്.

മോഡേർണൈസേഷന്റെ ഭാഗമായി ഈ കാലഘട്ടത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. അപകടത്തെ തുടർന്നോ മറ്റേതെങ്കിലും കാരണത്താലോ പൂർണമായും കിടപ്പിലായ അതായത്, ഒരു കൈവിരൽപോലും ചലിപ്പിക്കാൻ കഴിയാത്ത വ്യക്തികളെ എഴുന്നേൽപ്പിക്കാനും ഫിസിയോതെറാപ്പി ചെയ്യുന്നതിനുമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള ജീ-ഗെയ്റ്റർ (G-Gaiter) സംവിധാനം നിലവിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, രക്തദാതാവിന്റെ വെയിനിൽനിന്നും സ്വീകർത്താവിന്റെ വെയിനിൽ എത്തുന്നതുവരെയുള്ള എല്ലാ കാര്യങ്ങളും നിരീക്ഷിക്കാൻ കഴിയുന്ന അത്യാധുനിക സംവിധാനമായ ബ്ലഡ് ബാഗ് ട്രേസബിലിറ്റിയും ആവിഷ്കരിച്ചിട്ടുണ്ട്. വെയിൻ ടു വെയിൻ ട്രേസബിലിറ്റി സാങ്കേതികവിദ്യയാണ് ഇതിനായി ഉപയോഗിക്കുന്നത്. സാധാരണയായി ഇങ്ങനെ ശേഖരിക്കപ്പെടുന്ന ബ്ലഡ് കമ്പോണന്റ്സ് ഒരു നിശ്ചിത താപനിലയിലാണ് സൂക്ഷിക്കേണ്ടത്. അതിൽ മാറ്റം വന്നാൽ രോഗിയെ ഗുരുതരമായി ബാധിക്കുകയും ചെയ്യും. എന്നാൽ, പ്രസ്തുത സാങ്കേതികവിദ്യയിലൂടെ താപനില നിരീക്ഷിക്കാൻ

കഴിയുന്നുവെന്നതും ഒരു പ്രത്യേകതയാണ്. ബില്ലിനെ സംബന്ധിച്ചിടത്തോളം സാങ്കേതികമായ കാര്യങ്ങളാണ് കൂടുതലായി ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്.

ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സ്ഥിരം രജിസ്ട്രേഷനുള്ള കാലാവധിയും ടി സ്ഥാപനങ്ങൾ പുതുക്കേണ്ട കാലാവധിയും മൂന്ന് വർഷത്തിൽ നിന്നും അഞ്ച് വർഷമാക്കി ഉയർത്തിയിട്ടുണ്ട്. അതിനുള്ള പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന്, കേന്ദ്ര നിയമത്തിൽ ടി കാലാവധി അഞ്ചുവർഷമായിരുന്നപ്പോഴും സംസ്ഥാന നിയമത്തിൽ മൂന്നുവർഷമെന്നായിരുന്നു നിഷ്കർഷിച്ചിരുന്നത്. അതുകൊണ്ടാണ് കേന്ദ്ര നിയമത്തിനനുസൃതമായി ഇവിടെയും ടി സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുന്നത്. മറ്റൊന്ന്, എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ പോലുള്ള പ്രോഗ്രാമിൽ അക്രഡിറ്റേഷൻ കാലയളവ് അഞ്ച് വർഷമാണ്. അതായത്, ഒരിക്കൽ അക്രഡിറ്റഡായാൽ അഞ്ച് വർഷം കഴിഞ്ഞ് പുതുക്കിയാൽ മതിയാകും. ഇത് സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിന്റെ ഭാഗമായാണ് പ്രസ്തുത ബില്ലിൽ ഇത്തരമൊരു ഭേദഗതി ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അതോറിറ്റിയിൽ ഡെന്റൽ സർജൻ, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ജില്ലാ മെഡിക്കൽ ഓഫീസർ,

ഹോമിയോപ്പതി ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ, ടി ഭേദഗതിയിലൂടെ ഡിസ്ട്രിക്ട് കമ്മിറ്റിയിൽ അവരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യാജ ഡോക്ടർമാരുടെ വാർത്തകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ അതിന് പരിഹാരം കാണാൻ നിലവിൽ യാതൊരു സംവിധാനമില്ല, അതുകൊണ്ടുതന്നെ എച്ച്.ആർ. ഉൾപ്പെടെ പരിഗണിച്ചുകൊണ്ട് സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഈ ബിൽ പാസ്സാക്കുന്നതിലൂടെ സാധിക്കും. ഈ നിയമം നടപ്പാക്കി എല്ലാവരും ഇതിൽ രജിസ്റ്റർ ചെയ്താൽ തീർച്ചയായും നിയമപരമായി സർക്കാരിന് ഇക്കാര്യത്തിൽ ഇടപെടാനുള്ള സാധ്യതകളുണ്ട്. അതിനുവേണ്ടി ഈ ബിൽ സഭ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതികൾ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

(iii) 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ബില്ലുകൾക്ക് വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല. ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ.............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(ii) <u>2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ</u>

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

<u>രണ്ടാം വകുപ്പ്</u>

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. ഖണ്ഡം 2(i) ഒഴിവാക്കുക.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

149. ഖണ്ഡം 2(i)-ൽ, " അതിനുപകരം" എന്നതിന് പകരം "അതിനു പകരമായി" എന്ന് ചേർക്കുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 141-ാം നമ്പർ ഭേദഗതി 140-ാം നമ്പർ ഭേദഗതിക്കും 144 മുതൽ 148 വരെ 143-ാം നമ്പർ ഭേദഗതിക്കും 156 മുതൽ 159 വരെ 155-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഡോ. എം. കെ. മുനീറിന്റെ 143-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ഉബൈദുള്ളയുടെ

155-ാം ഭേദഗതിയും ഭേദഗതിയോടുകൂടി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2(i)-ൽ "ഉപനിയമം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ബൈലോ" എന്ന പദം തദാനുസൃതമായി അതിനുപകരം ചേർക്കേണ്ടതാണ്.

155. ഖണ്ഡം 2(ii)-ൽ "വ്യവസായ സംരംഭം" എന്നീ പദങ്ങൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം " വ്യവസായസ്ഥാപനം" എന്ന പദം തദാനുസൃതമായി അതിനുപകരം ചേർക്കേണ്ടതാണ്. ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

169. ഖണ്ഡം 3 താഴെപ്പറയും പ്രകാരം മാറ്റുക.

" 3. 2-ാം വകുപ്പിന്റെ ഭേദഗതി– പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ, (എം) ഖണ്ഡം വിട്ടുകളയുക."

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 3 താഴെപ്പറയും പ്രകാരം മാറ്റുക.

“ 3. 2-ാം വകുപ്പിന്റെ ഭേദഗതി. – പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ (എ) ഖണ്ഡത്തിൽ “ വ്യവസായ സ്ഥാപനങ്ങൾ” എന്നീ വാക്കുകൾക്ക് പകരം “ വ്യവസായ സ്ഥാപനം” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.”

മി. ഡെപ്യൂട്ടി സ്പീക്കർ: 170-ാം നമ്പർ ഭേദഗതി 169-ാം നമ്പർ ഭേദഗതിക്കും 172-ാം നമ്പർ ഭേദഗതി 171-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. എം. എം. മണി അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു.

171. “ 3. 2-ാം വകുപ്പിന്റെ ഭേദഗതി. – പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ (എ) ഖണ്ഡത്തിൽ “ വ്യവസായസ്ഥാപനങ്ങൾ” എന്ന വാക്കിനുപകരം “ വ്യവസായസ്ഥാപനം” എന്ന വാക്ക് ചേർക്കേണ്ടതാണ്.”

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 171-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**നാലാം വകുപ്പ്**

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പതിനഞ്ച് " എന്നതിന് പകരം "അഞ്ച്" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

182. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ " പതിനഞ്ച്" എന്നതിന് പകരം "ആറ്" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

184. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ " പതിനഞ്ച്" എന്നതിന് പകരം "ഏഴ്" എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

188. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പതിനഞ്ച് " എന്നതിന് പകരം "ഒൻപത്" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

192. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പതിനഞ്ച്" എന്നതിന് പകരം "പന്ത്രണ്ട്" എന്ന് ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ " പ്രവർത്തിപ്പിക്കുന്നതിനും" എന്നത് ഒഴിവാക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും" എന്നത് ഒഴിവാക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

208. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും" എന്നത് ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ, " ആധുനികവൽക്കരിക്കുന്നതിനും" എന്നതിന് ശേഷം "കൈമാറ്റം ചെയ്യുന്നതിനും" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 181-ാം നമ്പർ ഭേദഗതി 180-ാം നമ്പർ ഭേദഗതിക്കും 183-ാം നമ്പർ ഭേദഗതി 182-ാം നമ്പർ ഭേദഗതിക്കും 185-ാം നമ്പർ ഭേദഗതി 184-ാം നമ്പർ ഭേദഗതിക്കും 189-ാം നമ്പർ ഭേദഗതി 188-ാം നമ്പർ

ഭേദഗതിക്കും 193-ാം നമ്പർ ഭേദഗതി 192-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**അഞ്ചാം വകുപ്പ്**

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

225. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 5(I)-ൽ " ആധുനികവൽക്കരിക്കുന്നതിനും" എന്നതിന് ശേഷം "കൈമാറ്റം ചെയ്യുന്നതിനും " എന്ന് ചേർക്കുക.

235. ഖണ്ഡം 5(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ന്റെ ക്ലിപ്ത നിബന്ധനയിൽ " ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഒരു"

എന്നതിന് പകരം "ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും വ്യവസായ പ്രദേശ ബോർഡ് യോഗത്തിൽ" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 5(ii) ഒഴിവാക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 227-ാം നമ്പർ ഭേദഗതി 226-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 225, 235 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

240. ഖണ്ഡം 6(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(1)-ൽ " ആധുനികവത്കരിക്കുന്നതിനോ" എന്നതിന് ശേഷം "കൈമാറ്റം ചെയ്യുന്നതിനോ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

259. ഖണ്ഡം 7(i)(എ) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ, "പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ" എന്നതിന് പകരം "വിപുലീകരിക്കുന്നതിനോ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

262. ഖണ്ഡം 7(i)(എ) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ " ആധുനികവത്കരിക്കുന്നതിനോ" എന്നതിന് ശേഷം " കൈമാറ്റം ചെയ്യുന്നതിനോ" എന്ന് ചേർക്കുക.

277. ഖണ്ഡം 7(ii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ "ആധുനികവത്കരിക്കുന്നതിനോ" എന്നതിന് ശേഷം "കൈമാറ്റം ചെയ്യുന്നതിനോ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

263. ഖണ്ഡം 7(i)(ബി) ഒഴിവാക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

274. ഖണ്ഡം 7(ii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ "പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ" എന്നതിന് പകരം "വിപുലീകരിക്കുന്നതിനോ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 260-ാം നമ്പർ ഭേദഗതി 259-ാം നമ്പർ ഭേദഗതിക്കും 264-ാം നമ്പർ ഭേദഗതി 263-ാം നമ്പർ ഭേദഗതിക്കും 275-ാം നമ്പർ ഭേദഗതി 274-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 262, 277 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

286. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(1)-ൽ "ആധുനികവത്കരിക്കുന്നതിനോ" എന്നതിന് ശേഷം "കൈമാറ്റം ചെയ്യുന്നതിനോ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

288. ഖണ്ഡം 9(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 11-ൽ "അപ്രകാരം നിരസിച്ചുകൊണ്ടുള്ള" എന്നതിന് പകരം "അപ്രകാരം അപേക്ഷ നിരസിച്ചുകൊണ്ടുള്ള" എന്ന് ചേർക്കുക.

295. ഖണ്ഡം 9(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 11-ൽ "അപ്രകാരം ഉപാധികളോടെ" എന്നതിന് പകരം "അല്ലെങ്കിൽ ഉപാധികളോടെ" എന്ന് ചേർക്കുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 288, 295 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

132. ഖണ്ഡം 1(1)-ൽ, “ എന്ന്” എന്നതിന് പകരം "എന്ന” എന്ന് ചേർക്കുക.
134. ഖണ്ഡം 1(2)-ൽ “ ഇത്” എന്നതിന് പകരം “ ഈ ആക്റ്റ്” എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 132, 134 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്താൻ സഹായകരമായുള്ള ഭേദഗതികളാണ്` ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതോടൊപ്പം ഈ സർക്കാർ പ്രഖ്യാപിച്ച പുതിയ നയമനുസരിച്ച് ഒരു വർഷത്തിനുള്ളിൽ 30 വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുകയും അത്തരം സംരംഭകരുടെ പ്രശ്നങ്ങൾ പ്രായോഗികമായി പരിഗണിച്ചുകൊണ്ടുമുള്ള ഭേദഗതിയുമുണ്ട്. മുൻ ആക്ടിൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിലൂടെ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുന്ന രൂപത്തിൽ ടി നിർവചനം വിപുലപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ പാർക്കുകളെ വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ വ്യവസായ പ്രദേശ ബോർഡുകളിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾകൂടി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത്, സ്വകാര്യ ഇൻഡസ്ട്രിയൽ പാർക്കുകൾക്കായി ബോർഡ് രൂപീകരിക്കുമ്പോൾ സംസ്ഥാന

സർക്കാർ പ്രതിനിധികളും മറ്റ് വകുപ്പുകളുടെ പ്രതിനിധികളുമുണ്ടാകും. അങ്ങനെവരുമ്പോൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് അവരുടെ സ്ഥാപനത്തെപ്പറ്റി അഭിപ്രായം പറയാൻ അവസരം ലഭിക്കാറില്ല. അതുകൊണ്ടാണ് ടി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ മെമ്പർമാരായല്ലെങ്കിലും പ്രത്യേക ക്ഷണിതാവെന്ന രീതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്. ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡുകൾക്ക് രണ്ട് ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ എന്നായിരുന്നു സൂചിപ്പിച്ചിരുന്നതെങ്കിൽ മറ്റ് വകുപ്പുകളിലെ മൂലനിയമത്തിൽ 15 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളെന്ന ഭേദഗതി വരുത്തിയിട്ടുണ്ട്. അതിനനുസൃതമായ ഭേദഗതിയാണ് ടി ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിലുള്ള കാര്യങ്ങൾ കൂടുതൽ സുഗമമാക്കുന്നതിന് ഈ ഭേദഗതികൾ സഹായകരമായിരിക്കുമെന്നാണ് കണക്കാക്കുന്നത്.

മി. സ്പീക്കർ: 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസായിരിക്കുന്നു.

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ

**രണ്ടാം വകുപ്പ്**

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

146. ഖണ്ഡം 2-ൽ " തത്വത്തിലുള്ള" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

148. ഖണ്ഡം 2-ൽ " തത്വത്തിലുള്ള അംഗീകാര" എന്നതിന് പകരം " അനുമതി" എന്ന് ചേർക്കുക.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

158. ഖണ്ഡം 2-ൽ, " തദനുസൃതമായി" എന്നതിന് പകരം "അനുസൃതമായി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 144, 145 എന്നീ നമ്പർ ഭേദഗതികൾ മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 147-ാം നമ്പർ ഭേദഗതി 146-ാം നമ്പർ ഭേദഗതിക്കും 149-ാം നമ്പർ ഭേദഗതി 148-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(ii)-ഇനം പ്രകാരം പ്രധാന ആക്ടിലെ 6-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിന് പകരം ചേർക്കാനുദ്ദേശിക്കുന്ന ഉപവകുപ്പിൽ "ആവശ്യമായ അംഗീകാരങ്ങൾ" എന്ന വാക്കുകൾക്കുശേഷം "ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

159. ഖണ്ഡം 3(i)-ൽ, " പകരം" എന്നതിന് പകരം "പകരമായി" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

161. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6-ന്റെ മാർജിനൽ ശീർഷകത്തിൽ " തത്വത്തിലുള്ള" എന്നതിന് പകരം "പ്രാഥമിക" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

179. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ " നൽകിയ" എന്നതിന് ശേഷം വരുന്ന " ഒരു" എന്നത് ഒഴിവാക്കുക.

201. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "ആറുമാസവുമായ" എന്നതിന് ശേഷം വരുന്ന "ഒരു" എന്നത് ഒഴിവാക്കുക.

205. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "പ്രകാരമുള്ള ഒരു അംഗീകാരം" എന്നതിന് പകരം "പ്രകാരമുള്ള അംഗീകാരം" എന്ന് ചേർക്കുക.

240. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ, " സംരംക്ഷണ" എന്നതിന് പകരം " സംരക്ഷണ" എന്ന് ചേർക്കുക.

241. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ " വിരുദ്ധമായും" എന്നതിന് പകരം " വിരുദ്ധമായോ" എന്ന് ചേർക്കുക.

244. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ " വ്യതിചലിച്ചുകൊണ്ടും" എന്നതിന് പകരം " വ്യതിചലിച്ചുകൊണ്ടോ" എന്ന് ചേർക്കുക.

247. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ " ഒരു" എന്നത് ഒഴിവാക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

215. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ " പ്രസ്തുത കാലയളവിനുള്ളിൽ" എന്നതിന് ശേഷം വരുന്ന "," എന്ന ചിഹ്നം ഒഴിവാക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

264. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(2)-ൽ "മൂന്ന് വർഷവും ആറു

മാസവുമായ കാലയളവിൽ" എന്നതിന് പകരം "മൂന്ന് വർഷക്കാലയളവിൽ" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

266. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(2)-ൽ "മൂന്ന് വർഷവും ആറു മാസവുമായ കാലയളവിൽ" എന്നതിന് പകരം "നാലു വർഷക്കാലയളവിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 162-ാം നമ്പർ ഭേദഗതി 161-ാം നമ്പർ ഭേദഗതിക്കും 180, 181 എന്നീ നമ്പർ ഭേദഗതികൾ 179-ാം നമ്പർ ഭേദഗതിക്കും 242-ാം നമ്പർ ഭേദഗതി 241-ാം നമ്പർ ഭേദഗതിക്കും 245-ാം നമ്പർ ഭേദഗതി 244-ാം നമ്പർ ഭേദഗതിക്കും 216-ാം നമ്പർ ഭേദഗതി 215-ാം നമ്പർ ഭേദഗതിക്കും 265-ാം നമ്പർ ഭേദഗതി 264-ാം നമ്പർ ഭേദഗതിക്കും 267-ാം നമ്പർ ഭേദഗതി 266-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 175-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

175. ഖണ്ഡം 3 (ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ, " 5-ാം വകുപ്പ് പ്രകാരം" എന്നതിന് പകരം " 5-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 179, 201, 240, 241, 244 എന്നീ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 179, 201, 240, 241, 244 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 205, 247 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

275. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7-ൽ " മൂന്ന് വർഷക്കാലയളവിലേയ്ക്ക്" എന്നതിന് പകരം " മൂന്നു വർഷം വരെയുള്ള കാലയളവിൽ" എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

277. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ദേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7-ൽ "മൂന്നു വർഷവും ആറ് മാസവുമായ കാലയളവിലേയ്ക്ക്" എന്നതിന് പകരം "മൂന്നു വർഷം മുതൽ നാല് വർഷത്തിനുമുള്ളിൽ" എന്ന് ചേർക്കുക.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

283. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7-ൽ " മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിലേയ്ക്ക്" എന്നതിന് പകരം " പരമാവധി മൂന്നു വർഷവും ആറു മാസവുമായ കാലയളവിലേയ്ക്ക്" എന്ന് ചേർക്കുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 276-ാം നമ്പർ ഭേദഗതി 275-ാം നമ്പർ ഭേദഗതിക്കും 278-ാം നമ്പർ ഭേദഗതി 277-ാം നമ്പർ ഭേദഗതിക്കും 284-ാം നമ്പർ ഭേദഗതി 283-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 275-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതി സഭ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

115. പീഠികയിൽ " കാണുന്ന" എന്നതിന് പകരം " കാണപ്പെടുന്ന" എന്ന് ചേർക്കുക.
139. ഖണ്ഡം 1(1)-ൽ, "എന്ന്" എന്നതിന് പകരം "എന്ന" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ:</u> മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 109-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

109. പീഠികയിൽ " ഇതിനു ശേഷം" എന്നതിന് പകരം "ഇതിനുശേഷം" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 115, 139 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## <u>മൂന്നാം വായന</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, നേരത്തെ സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ മൂന്നുവർഷം വരെ ലൈസൻസുകളില്ലാതെ പ്രവർത്തിക്കാമെന്നും മൂന്ന് വർഷം കഴിഞ്ഞ് ആറ് മാസത്തിനുള്ളിൽ ആവശ്യമായ ലൈസൻസുകൾ നേടണമെന്നതായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. ടി വ്യവസ്ഥ ഒരുപരിധിവരെ സൗകര്യമെന്നപോലെ തന്നെ ചില പരിമിതികളുമുണ്ടായിരുന്നു. കാരണം, മൂന്നുവർഷം കഴിഞ്ഞാൽ മാത്രമെ ലൈസൻസിന് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. അതിന്റേതായ പരിമിതികളും ചില പ്രശ്നങ്ങളും സംരംഭകർ

നേരിടുകയുണ്ടായി. അതുകൊണ്ട് മൂന്നര വർഷമെന്നത് മാറ്റി മൂന്ന് വർഷത്തിനും ആറ് മാസത്തിനുമുള്ളിൽ ആവശ്യമായ ലൈസൻസുകൾ നേടാമെന്നുള്ള പുതിയ ഭേദഗതിയാണ് വരുത്തിയിട്ടുള്ളത്. അപ്പോൾ സംരംഭകർക്ക് ലൈസൻസ് നേടുന്നതിന് മൂന്ന് വർഷവും ആറ് മാസം വരെ സമയം ലഭിക്കുകയും ടി കാലയളവിനുള്ളിൽ എപ്പോൾ വേണമെങ്കിലും ലൈസൻസുകൾക്ക് അപേക്ഷിക്കുകയും ചെയ്യാം. 2018-ൽ പാസ്സാക്കിയ നിയമത്തിന്റെ ഭാഗമായി തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ലഭിക്കുന്ന സ്ഥാപനത്തിൽ മൂന്നര വർഷക്കാലയളവിലേയ്ക്ക് യാതൊരുവിധ പരിശോധനകളും നടത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇപ്പോഴത്തെ ഭേദഗതിയിലൂടെ ടി പരിശോധന ചിലപ്പോൾ മൂന്ന് വർഷത്തിനും ആറ് മാസത്തിനുമുള്ളിൽ ലൈസൻസ് നേടുന്ന സ്ഥാപനമാണെങ്കിൽപോലും നിലവിലുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങളോ ചട്ടങ്ങളോപ്രകാരമോ അല്ലെങ്കിൽ റെഗുലേഷൻ പ്രകാരമോ ചില പരിശോധനകൾ നടത്തേണ്ടിവരും. അതിനായി നിയമപ്രകാരം എന്നുള്ള ഭേദഗതികൂടി ടി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതാണ് ഈ ഭേദഗതിയുടെ പ്രത്യേകത.

മി. സ്പീക്കർ: 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഇന്ന് പരിഗണിക്കുന്നതിലേയ്ക്കായി 2024 ഒക്ടോബർ 7-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് ഭാഗികമായി ഭേദഗതി ചെയ്യണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2024 ഒക്ടോബർ 7-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് ഭാഗികമായി ഭേദഗതി ചെയ്യണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ

ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(5), 76(1) എന്നിവയിലെ വ്യവസ്ഥകൾ താൽകാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേന്ദ്ര ജി.എസ്.ടി. കൗൺസിൽ പൊതുവിൽ അംഗീകരിച്ച ഭേദഗതികൾ സംസ്ഥാന സർക്കാർ ബില്ലാക്കി പാസ്സാക്കുകയാണ് ചെയ്യുന്നത്. സഭാ സമ്മേളന ദിവസങ്ങളിൽ ചില പ്രശ്നമുള്ളതുകൊണ്ട് നിയമസഭ ചേരുന്നതിന് തൊട്ടുമുമ്പത്തെ ദിവസങ്ങളിൽ ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവന്നു. കാരണം, ഒക്ടോബർ 1 മുതലാണ് ഈ നിയമം കേന്ദ്ര സർക്കാർ അനുവദിച്ച് നോട്ടിഫൈ ചെയ്തത്. ഒക്ടോബർ ഒന്ന് മുതൽ സഭ ചേരുന്ന ദിവസം വരെയുള്ള ദിവസങ്ങളിലെ നടപടിക്രമങ്ങൾക്ക് സാധുത ലഭിക്കണമെങ്കിൽ ഓർഡിനൻസ് പുറപ്പെടുവിക്കണമെന്നതിനാൽ ഓർഡിനൻസ് പുറപ്പെടുവിക്കുകയും തുടർന്നുള്ള ദിവസങ്ങളിൽ നിയമസഭാ സമ്മേളിക്കുന്നതിനാൽ ടി ഓർഡിനൻസ് ബില്ലാക്കി പാസ്സാക്കുകയും വേണം. ജി.എസ്.ടി. കൗൺസിൽ ഇന്ത്യയിലാകെയുള്ള നിയമം എന്നനിലയിൽ യാതൊരു വ്യത്യാസവും വരാറില്ല. എന്നാൽ അതിനായി സംസ്ഥാനത്ത് ടി ബിൽ പാസ്സാക്കേണ്ടതുണ്ട്. അതിൽ മറ്റ്

ഭേദഗതിയൊന്നും വരാറില്ല. പൊതുവിൽ ഈ ബില്ലിലെ പുതിയ വ്യവസ്ഥകൾ കച്ചവടക്കാർക്കും ജി.എസ്.ടി. രംഗത്തുള്ളവർക്കും സഹായകരമാകുന്നതാണ്. പ്രധാനമായും ഇതൊരു ടെക്നിക്കൽ വിഷയമായതുകൊണ്ട് ടി ബിൽ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ട് മുതൽ അഞ്ച് വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ട് മുതൽ അഞ്ച് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

രണ്ട് മുതൽ അഞ്ച് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ട് മുതൽ അഞ്ച് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.